**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ധനസഹായം ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ, സ്വകാര്യ ആശുപത്രി) നൽകാൻ, പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനുവർത്തിക്കേണ്ട സബ്സിഡി മാർഗരേഖ, സ.ഉ. (കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022, പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും പെട്ട കുടുംബങ്ങൾക്ക് ഈ സഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി യഥാക്രമം 2 ലക്ഷം രൂപയും 3 ലക്ഷം രൂപയും ആണ്. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധിയില്ല. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് പ്രോജക്ട് എടുക്കാവുന്നത്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ജില്ലയ്ക്ക് വെളിയിലുള്ള ആശുപത്രികളിലേയ്ക്കാണെങ്കിലും ഈ തുക നൽകാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി വഴി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികൾക്ക് സഹായം നൽകാനായി, തങ്ങളുടെ കീഴിലുള്ള ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി പ്രൊജക്ട് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കണം. പ്രദേശത്തെ ഡയാലിസിസ് ചെയ്യുന്ന വൃക്ക രോഗികളെ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി അംഗീകരിച്ചതായിരിക്കണം. അധികമായി ആരെയെങ്കിലും കൂട്ടിചേർക്കേണ്ട അടിയന്തര |

| | | | |
|---|---|---|---|
| | | | സാഹചര്യം വന്നാൽ ധന സഹായം നൽകിയതിനു ശേഷം തൊട്ടടുത്ത ഗ്രാമസഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പിന്നീട് കൂട്ടിച്ചേർക്കൽ വരുന്ന സാഹചര്യത്തിൽ തൻവർഷം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും അതിനുള്ള വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ അത് ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. ഗുണഭോക്താക്കളിൽ നിന്നും ചികിത്സ സംബന്ധമായ രേഖകളും ഡയാലിസിസ് നടത്തിയതിന്റെ ചെലവുരേഖകളും പരിശോധിച്ച് യഥാർത്ഥ ചെലവ് പരിധിക്ക് വിധേയമായി ബന്ധപ്പെട്ട ആശുപത്രിയിലേക്ക് നൽകുന്നതാണ് നടപടിക്രമം. കാസ്പ്, കാരുണ്യ ബനവലന്റ് ഫണ്ട്, മറ്റ് സർക്കാർ സഹായങ്ങൾ, ഇൻഷുറൻസ് എന്നിവ ലഭിക്കുന്നവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടാകില്ല. |

സെക്ഷൻ ഓഫീസർ